# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 639**      **01.12.2015-ൽ മറുപടിയ്ക്ക്**

## പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | 2015 - മാർച്ച് 31- വരെയുള്ള കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്രപേർ ഉണ്ടെന്നുള്ള വിശദവിവരം നൽകുമോ; | എ) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവരിൽ നിന്ന് എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | ബി) | വിവരം ശേഖരിച്ചു വരുന്നു. |
| സി) | പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തൊഴിൽ ലഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) | പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാർക്കു വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ ജില്ലാതലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരെ വിവിധ തൊഴിൽ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് തെരഞ്ഞെടുത്ത് NTTF മുഖേന പരിശീലനം നൽകി തൊഴിൽ നൽകുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ സപ്പോർട്ട് എഞ്ചിനീയർമാരായി ബി.ടെക്, |

| | | | |
|---|---|---|---|
| | | | എം.സി.എ തുടങ്ങിയ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെ നിശ്ചിത കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ചു വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യത നിശ്ചയിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് താല്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനാൽ പട്ടികവർഗ്ഗക്കാർക്കു മുൻഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ